dr AVI
25/x/2016

No: 180/A/2016/KSWCFC

MAHATMA GANDHI UNIVERSITY
Tapal No: 4558
Date: 25/10/16
KOTTAYAM, KERALA

Samunnathi

18-10-2016

7271
REGR
No: 7271
Dt. 25.10.16

From

മാനേജിംഗ് ഡയറക്ടർ

To

രജിസ്ട്രാർ,

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി,

കോട്ടയം.

സർ,

വിഷയം: കേരള സർക്കാർ - കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ - വിദ്യാഭ്യാസ സ്കോളർഷിപ്പ് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽപ്പെടുന്ന നിർദ്ധനരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സംസ്ഥാന സർക്കാർ, കേരള മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നൽകി വരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിന് 2016-17 വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, പോളിടെക്നിക്/ഐടിഐ, വിവിധ പ്രൊഫഷണൽ നോൺ പ്രഫഷണൽ കോഴ്സുകളിലുള്ള ബിരുദം, ബിരുദാനന്തരബിരുദം, സി എ, സിഎംഎ, സിഎസ്, ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിനായി അപേക്ഷ നൽകാവുന്നതാണ്. അപേക്ഷകൾ 2016 നവംബർ 1 മുതൽ ഡിസംബർ 15 വരെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.kswcfc.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ഇതു സംബന്ധിച്ച അറിയിപ്പുകൾ താങ്കളുടെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനും വിവിധ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ ബന്ധപ്പെട്ട പരസ്യം നൽകുന്നതിന് സ്ഥാപനമേധാവികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.കെ. അമ്പാടി

മാനേജിംഗ് ഡയറക്ടർ

**Kerala State Welfare Corporation for Forward Communities Ltd.**
CIN - U85190KL2012SGC032592